LIBRARY ARCHIVES Kerala Legislative Assembly

(2) ഹിരണ്യനല്ലൂർ ക്ഷേത്രം അഗ്നിക്കിരയായ സംഭവം

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, എന്റെ മണ്ഡലത്തിലെ പള്ളിക്കൽ പഞ്ചായത്തിലെ ഇളംപള്ളിൽ ഹിരണ്യനല്ലൂർ മഹാദേവ ക്ഷേത്രത്തിലെ തീപിടുത്തം ക്രൈംബ്രാഞ്ച് അന്വേഷിക്കണമെന്ന ആവശ്യമാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്. 2014 സെപ്റ്റംബർ മാസം 21-ാം തീയതി പുലർച്ചെ 5.15-ന് ക്ഷേത്രത്തിലെ കീഴ്ശാന്തി ക്ഷേത്രനട ഉറക്കാൻ ചെന്നപ്പോഴാണ് ക്ഷേത്രത്തിന് തീ പിടിച്ച വിവരമറിയുന്നത്. ക്ഷേത്രത്തിന്റെ ശ്രീകോവിൽ പൂർണ്ണമായും കത്തി നശിച്ചു. ഫയർഫോഴ്സ് എത്തി തീ അണച്ചെങ്കിലും വിവരം അറിഞ്ഞ് ഞാൻ രാവിലെ 7.15-ന് അവിടെയെത്തിയപ്പോഴും പോലീസ് എത്തിയിട്ടില്ല. ഞാൻ അവിടെ നിന്ന് ജില്ലാ പോലീസ് ചീഫിനെ ഫോൺ ചെയ്ത് വിവരം അറിയിച്ചതിനെത്തുടർന്ന് 10.30 മണിക്ക് ശേഷമാണ് പോലീസ് ഉദ്യോഗസ്ഥർ എത്തിയത്. സംഭവം നടന്നിട്ട് ഇന്ന് ഏകദേശം 79 ദിവസമായിരിക്കുകയാണ്. യാതൊരന്വേഷണവും അതുമായി ബന്ധപ്പെട്ട് നടന്നിട്ടില്ല. അവിടെ ഉണ്ടായിരുന്ന 20 കിലോഗ്രാമോളം വെളിച്ചെണ്ണയിൽ പകുതിയോളം നഷ്ടപ്പെട്ടു. ശ്രീകോവിലിന്റെ ഉപദേവതയുടെ പ്രതിഷ്ഠ പൂർണ്ണമായും കത്തിനശിച്ചു. അവിടെ വൈദ്യുതിലൈൻ ഇല്ലാത്തതുകൊണ്ട് ഷോർട്ട് സർക്യൂട്ടാണ് തീപിടുത്തത്തിന് കാരണമെന്ന് പറയാൻ കഴിയില്ല. ബോധപൂർവ്വമായി ആരോ തീവച്ചതാണ്. ഇതുസംബന്ധിച്ച് ശാസ്ത്രീയമായിട്ടുള്ള യാതൊരു അന്വേഷണവും നടന്നിട്ടില്ല. ആ പ്രദേശത്തെ ഭക്തജനങ്ങൾ പ്രതിഷേധത്തിലാണ്. നവംബർ 7-ാം തീയതി ഞാനടക്കം അവിടത്തെ എല്ലാ വിഭാഗം ആളുകളും രാവിലെ മുതൽ വൈകുന്നേരം വരെ ഉപവാസ സമരമിരുന്നു. അന്നുതന്നെ ഇതുസംബന്ധിച്ച് ക്രൈംബ്രാഞ്ച് അന്വേഷണം വേണമെന്നാവശ്യപ്പെട്ട് ആഭ്യന്തര വകുപ്പുമന്ത്രിക്ക് നിവേദനം കൊടുത്തിരുന്നു. ഇതുവരെ ദിവസമായിട്ടും അന്വേഷണം നടക്കാത്തതുകൊണ്ട്, യഥാർത്ഥ വസ്തുത പുറത്തുകൊണ്ടുവരുന്നതിനും കുറ്റക്കാരെ കണ്ടെത്തുന്നതിനും ശാസ്ത്രീയമായ അന്വേഷണം നടത്തുന്നതിനും ഈ കേസ് ക്രൈംബ്രാഞ്ചിനെ ഏൽപ്പിക്കണമെന്ന് ബഹുമാന്യനായ ആഭ്യന്തര വകുപ്പു മന്ത്രിയോട് ഞാൻ ആവശ്യപ്പെടുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, അടൂർ പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട പഴകുളം ഇളംപള്ളിൽ ഹിരണ്യനല്ലൂർ മഹാദേവ ക്ഷേത്രശ്രീകോവിൽ 20-9-2014-ന് രാത്രി 7.45-നും 21-9-2014 പുലർച്ചെ 5.15-നും മദ്ധ്യേ ഏതോവിധം കത്തിനശിച്ചു

LIBRARY ARCHIVES Kerala Legislative Assembly

ഇക്കാര്യം ശ്രീ. ചിറ്റയം ഗോപകുമാർ എന്റെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. റവന്യൂ വകുപ്പുമന്ത്രി ശ്രീ. അടൂർ പ്രകാശ് സ്ഥലം സന്ദർശിച്ചതാണ്. ഈ കേസ്സിന്റെ അന്വേഷണം അടൂർ പോലീസ് സബ് ഇൻസ്പെക്ടർ ഏറ്റെടുക്കുകയും ഫോറൻസിക് സയൻസ് ലബോറട്ടറി ഉദ്യോഗസ്ഥർ, വിരലടയാള വിദഗ്ധർ, പോലീസ് ഫോട്ടോഗ്രാഫർ, ഡോഗ് സ്ക്വാഡ് എന്നീ വിഭാഗങ്ങളെക്കൊണ്ട് തെളിവെടുപ്പ് നടത്തുകയും വിശദമായി അന്വേഷണം നടത്തുന്നതിന് 13-10-2014-ന് അടൂർ പോലീസ് സർക്കിൾ ഇൻസ്പെക്ടറെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്. 20-9-2014-ന് രാത്രി 7.45 മണിയോടെ ക്ഷേത്രത്തിലെ കീഴ്ശാന്തി അരുണും ക്ഷേത്ര മാനേജർ വിശ്വനാഥ പിള്ളയും നടയടച്ച് പോയിട്ടുള്ളതും പിറ്റേദിവസം പുലർച്ചെ പതിവായുള്ള പൂജയ്ക്ക് കീഴ്ശാന്തി എത്തിയ സമയം ശ്രീകോവിലിൽ തീ കത്തുന്നത് കാണുകയുമാണുണ്ടായത്. തീപിടുത്തത്തിൽ ശ്രീകോവിലിന് ഉള്ളിലെ വിഗ്രഹങ്ങൾക്കൊന്നും കേടുപാട് സംഭവിക്കുകയോ വസ്തുക്കൾ മോഷണം പോവുകയോ ചെയ്തിട്ടില്ല. അമ്പലവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന 33 പേരെ പോലീസ് ചോദ്യം ചെയ്തു. മറ്റ് ക്ഷേത്രങ്ങളിലുണ്ടായ മോഷണങ്ങളെപ്പറ്റിയും അതിലെ പ്രതികളെപ്പറ്റിയും സ്ഥലത്തെ മൊബൈൽ ഫോൺ ടവർ കേന്ദ്രീകരിച്ച് ഫോൺ കോളുകളുടെ വിവരം ശേഖരിച്ചും അന്വേഷണം നടത്തിയിട്ടുണ്ട്. നാളിതുവരെ തീപിടുത്തത്തിന്റെ കാരണം വെളിവായിട്ടില്ല. ബഹുമാനപ്പെട്ട മെമ്പറുടെ അഭ്യർത്ഥന മാനിച്ച് ഈ കേസ് ക്രൈംബ്രാഞ്ചിന് ട്രാൻസ്ഫർ ചെയ്യാനുള്ള ഉത്തരവ് നൽകുകയാണ്.

(3) കിസ് ഓഫ് ലവ് പ്രവർത്തകർക്കുനേരെ ഉണ്ടായ ആക്രമണം

ശ്രീ. എ. പ്രദീപ്കുമാർ: സർ, കോഴിക്കോട് ജില്ലയിൽ വർഗ്ഗീയ, ഫാസിസ്റ്റ് സംഘടനകൾ ഡൗൺടൗൺ ഹോട്ടൽ, അടിച്ചുതകർത്ത സംഭവത്തെ തുടർന്ന് അതിനെതിരെയുള്ള പ്രതിഷേധം എല്ലാ സ്ഥലത്തും ഉയർന്നുവരികയാണ്. കൊച്ചിയിലും ചുംബന സമരം നടന്നു. കിസ് ഓഫ് ലവ് പ്രവർത്തകർ രണ്ട് ദിവസം മുമ്പാണ് വൈകുന്നേരം കോഴിക്കോട് പ്രതിഷേധവുമായി വന്നതും ചുംബന സമരം നടത്തിയതും. അവിടെ വീണ്ടും പരസ്യമായി പ്രഖ്യാപിച്ചുകൊണ്ട് ഹനുമാൻസേന, ശിവസേന തുടങ്ങിയ ഫാസിസ്റ്റ് സംഘടനകളും അതിന്റെ പ്രവർത്തകരും വന്ന് സമരത്തിൽ പങ്കെടുത്തവരെ ഭീകരമായി മർദ്ദിച്ചു. ഇന്നലെ സഭയിൽ ആ വിഷയം പരാമർശിക്കപ്പെട്ടതാണ്.

മി. ചെയർമാൻ: ഈ വിഷയം ഇന്നലെ സഭയിൽ പരാമർശിച്ചതും ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞതുമാണ്.